LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

ഏഴാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

1986 നവംബർ 10, തിങ്കൾ

നിയമസഭ 1986 നവംബർ 10-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേമ്പറിൽ കൂടി.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

പോലീസ് സ്റ്റേഷൻ കെട്ടിടങ്ങളും ക്വാർട്ടേഴ്സുകളും

* 273 [294] ശ്രീ. ജി. കാർത്തികേയൻ :
,, കെ. കെ. തോമസ് :
,, ബെന്നി ബഹനാൻ :
,, കെ. എസ്. നാരായണൻ നമ്പൂതിരി :
,, ഗംഗാധരൻ പൊഴക്കടവിൽ :

താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എട്ടാം ധനകാര്യ കമ്മീഷന്റെ ശുപാർശയനുസരിച്ച് പോലീസ് സ്റ്റേഷൻ കെട്ടിടങ്ങളും ക്വാർട്ടേഴ്സുകളും സബ്ജയിൽ ജീവനക്കാരുടെ ക്വാർട്ടേഴ്സുകളും നിർമ്മിക്കുന്നതിനുള്ള നടപടി ആരംഭിച്ചോ ;

(ബി) എങ്കിൽ ഇതനുസരിച്ച് ഏതെല്ലാം ജില്ലകളിൽ ക്വാർട്ടേഴ്സുകളും പോലീസ് സ്റ്റേഷൻ കെട്ടിടങ്ങളും നിർമ്മിക്കുന്നുണ്ട് ;

(സി) ഇതിന്റെ പണികൾ ത്വരിതപ്പെടുത്തുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ,

(എ) വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കേരളത്തിലെ എല്ലാ ജില്ലകളിലുമായി 125 പോലീസ് സ്റ്റേഷൻ കെട്ടിടങ്ങൾ പണിയുന്നതാണ്. പോലീസ് സേനാംഗങ്ങൾക്ക്, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, കോട്ടയം, എറണാകുളം, തൃശ്ശൂർ, വയനാട്, കണ്ണൂർ, കാസർകോട് എന്നീ ജില്ലകളിലും സബ് ജയിൽ ജീവനക്കാർക്ക് കോട്ടയം, ഇടുക്കി എന്നീ ജില്ലകളിലും വസതികൾ പണിയുന്നതാണ്.

(സി) എട്ടാം ധനകാര്യകമ്മിഷൻ അവാർഡ് പ്രകാരമുള്ള ജോലികൾ 1985-86 മുതൽ 1986-89 വരെയുള്ള കാലത്തിനിടക്ക് ഘട്ടം ഘട്ടമായി ചെയ്തു തീർക്കേണ്ടതാണ്. അതിന്റെ പ്രവർത്തനങ്ങൾ തുടങ്ങിയശേഷം ഇക്കാര്യങ്ങൾ പരിശോധിച്ച് തീരുമാനിക്കാം.

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി : സർ, 100 കൊല്ലത്തിൽ കൂടുതൽ പഴക്കമുള്ള വടക്കാഞ്ചേരി പോലീസ് സ്റ്റേഷനും, ഇടിഞ്ഞു പൊളിഞ്ഞു കിടക്കുന്ന പോലീസ് ക്വാർട്ടേഴ്സും പുതുക്കി പണിയുന്നതിന് നടപടികൾ എടുക്കുമോ ?

ശ്രീ. കെ. കരുണാകരൻ : സർ, നമ്മുടെ 125 പോലീസ് സ്റ്റേഷനുകൾ പുതുക്കി പണിയാൻ പോകുന്നുണ്ട്. അക്കൂട്ടത്തിൽ വടക്കാഞ്ചേരിയുടെ കാര്യവും പരിഗണിക്കാം.

ശ്രീ. രാഘവൻ പൊഴക്കടവിൽ : സർ, പുതുതായി പണിയാൻ പോകുന്ന പോലീസ് സ്റ്റേഷനുകളുടെ കെട്ടിടങ്ങൾക്ക് ഇപ്പോൾ ചില പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണെന്നുള്ളതുകൊണ്ട് സ്വീകരണമുറികൾ കൂടി ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : സർ, രണ്ട് ടൈപ്പ് പോലീസ് സ്റ്റേഷനുകളാണ് നിർമ്മിക്കുന്നത്. ഒന്ന്, വലിയ സൈസ്. രണ്ട്, ചെറിയ സൈസ്. വലിയ സൈസ്. പോലീസ് സ്റ്റേഷനിൽ ഈ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. രാഘവൻ പൊഴക്കടവിൽ : സർ, എന്റെ നിയോജകമണ്ഡലത്തിലെ ഒല്ലൂരിൽ പുതിയതായി അനുവദിച്ചിട്ടുള്ള സർക്കിൾ ഓഫീസിന് ഓഫീസുമില്ല, കെട്ടിടവുമില്ല. അങ്ങനെയുള്ള സർക്കിൾ ഓഫീസുകൾക്ക് പെട്ടെന്ന് ഒരു കെട്ടിടവും പീച്ചിയിൽ പുതിയതായി പോലീസ് സ്റ്റേഷനുള്ള കെട്ടിടവും ഈ ലിസ്റ്റിൽ ഉൾപ്പെടുത്താൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ ?

ശ്രീ. കെ. കരുണാകരൻ : സർ, ആദ്യം സർക്കിൾ ഓഫീസ് വേണമെന്ന് ആവശ്യപ്പെടും. അത് തൽക്കാലം സാധിക്കാൻവേണ്ടി വാടക കെട്ടിടം അന്വേഷിച്ച് സൗകര്യപ്പെടുത്തിത്തരും. അനുവദിച്ചുകഴിഞ്ഞാൽ കാലേക്കൂട്ടിയുള്ള വാഗ്ദാനങ്ങളൊന്നും നിറവേറ്റപ്പെടാറില്ല. ഏതായാലും പുതിയതിന് എവിടെയെല്ലാം മുൻഗണനകൊടുക്കാനുണ്ടെന്നു പരിശോധിച്ചതിനുശേഷമാണ് തീരുമാനിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.ആർ. ചന്ദ്രമോഹനൻ : സർ, കടയ്ക്കൽ പോലീസ് സ്റ്റേഷന് ഔട്ട് പോസ്റ്റായിരിക്കുമ്പോഴുള്ള കെട്ടിടമാണ് ഇപ്പോഴുമുള്ളത്. ഇപ്പോൾ കടയ്ക്കൽ സർക്കിൾ സ്റ്റേഷനും സർക്കിൾ ഓഫീസും വന്നിട്ടുണ്ട്. പക്ഷെ ഓഫീസില്ല ; കെട്ടിടവുമില്ല. കാർട്ടേഴ്സിനെ സംബന്ധിച്ചുള്ള നിർദ്ദേശമുണ്ടായിരുന്നു. അതിന്റെ പ്രവർത്തനവും നടക്കുന്നില്ല. കാർട്ടേഴ്സിന്റെയും കടയ്ക്കൽ പോലീസ് സ്റ്റേഷന്റെയും പണി ത്വരിതപ്പെടുത്താൻ നടപടിയെടുക്കുമോ ?

ശ്രീ. കെ. കരുണാകരൻ : സർ, കാർട്ടേഴ്സിന്റെ പണി ഏറെടുത്തുകഴിഞ്ഞിട്ടുണ്ട്. പോലീസ് സ്റ്റേഷനെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. അത് പൊളിച്ച് പണിയേണ്ടതാണെന്ന് തോന്നിയിട്ടുണ്ട്. അതിനെക്കുറിച്ച് പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കാം.

ശ്രീ. എ. വി. താമരാക്ഷൻ : സർ, ആലപ്പുഴയിൽ ഒരു പോലീസ് കാർട്ടേഴ്സ് പണിയുന്നതിനുവേണ്ടി 10 ഏക്കർ സ്ഥലം എടുത്തിട്ട് 15 വർഷമായി. ഇപ്പോൾ തീരദേശ റെയിൽവേ വന്നതോടുകൂടി ഉള്ള, കാർട്ടേഴ്സും നഷ്ടപ്പെട്ടിരിക്കുകയാണ്. എ. ആർ. ക്യാമ്പിലെയും ആലപ്പുഴയിലെയും പോലീസുകാർക്ക് കാർട്ടേഴ്സ് പണിയുന്നതിനുവേണ്ടി അടിയന്തിര നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ ?

ശ്രീ. കെ. കരുണാകരൻ : സർ, ആലപ്പുഴയിൽ പോലീസ് സ്റ്റേഷനു സ്ഥലം യഥേഷ്ടമുണ്ട്. കാർട്ടേഴ്സ് പണിയുന്നതിന് ഇപ്രാവശ്യം തീരുമാനിച്ചിട്ടുമുണ്ട്.

ശ്രീ. വി. കെ. രാജൻ : സർ, കൊടുങ്ങല്ലൂർ പോലീസ് സ്റ്റേഷന് കെട്ടിടം പണിയുന്നതിനുവേണ്ടി ടെൻഡർ നൽകി. അതിന്റെ പണി കുറെ നടക്കുകയും ചെയ്തു. ആ പണി നടത്തിക്കൊണ്ടിരുന്ന കോൺട്രാക്ടർമാർക്ക് ഇട്ടിട്ട് പണവും വാങ്ങിക്കൊണ്ടുപോയി. അതിനുശേഷം 5 വർഷമായിട്ടും ആ പണി പുനരാരംഭിച്ചിട്ടില്ല. അതുപോലെ തന്നെയാണ് പോലീസ് കാർട്ടേഴ്സിന്റെ സ്ഥിതിയും. ഇതിന്റെ പണി എന്നേക്ക് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ശ്രീ. കെ. കരുണാകരൻ : സർ, നിറുത്തി വച്ചിരുന്ന പണി പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കാം.

ശ്രീ. എ. കെ. പത്മനാഭൻ : സർ, പോലീസ് കാർട്ടേഴ്സിന്റെ പണി സ്തംഭനാവസ്ഥയിൽ നിൽക്കുമ്പോഴും നിലവിലുള്ള കാർട്ടേഴ്സിൽനിന്നും കെട്ടിട ഉടമയ്ക്കു വേണ്ടി പോലീസുകാരെക്കൂടി ഒഴിപ്പിച്ചതുമൂലം പരാമ്പ്രാ പോലീസ് സ്റ്റേഷനിലെ പോലീസുകാർ പീടികത്തിണ്ണയിലാണ് കിടന്നുറങ്ങുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. കരുണാകരൻ : സർ, പൊതു ആവശ്യത്തിനുവേണ്ടി കെട്ടിടം പണിയാൻ സ്ഥലമെടുക്കുന്ന അവസരത്തിൽ അവിടെയുള്ള ആളുകളെ ചിലപ്പോൾ ഒഴിപ്പിക്കേണ്ടി വരും. അങ്ങനെ ഒഴിപ്പിക്കുന്ന ആളുകൾക്കെല്ലാം പകരം സ്ഥലം കൊടുത്തിട്ടേ ഒഴിപ്പിക്കുകയുള്ളൂ എന്നു പറഞ്ഞാൽ പിന്നെ ബഹുമാനപ്പെട്ട മെമ്പറൻമാരുടെ പരാതിയുണ്ടാകും. പദ്ധതികൾ അനുവദിച്ചു നടപ്പാക്കുന്നില്ലായെന്ന്. ഇത് രണ്ടുംകൂടി ഒരുമിച്ച് കൊണ്ടുപോകാൻ പരമാവധി ശ്രമിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കൃഷ്ണൻകുട്ടി : സർ, ഈ വർഷത്തെ വെള്ളപ്പൊക്കദുരിതാ ശ്വാസ നിധിയിൽനിന്നും പോലീസ് കാർട്ടേഴ്സും പോലീസ് സ്റ്റേഷനും നന്നാക്കാൻവേണ്ടി എത്ര തുക വിനിയോഗിച്ചിട്ടുണ്ട്. എത്ര തുകയ്ക്ക് സാങ്ഷൻ കൊടുത്തിട്ടുണ്ടെന്ന് പറയാമോ ?

ശ്രീ. കെ. കരുണാകരൻ : സർ, അത് ഒരു പ്രത്യേക ചോദ്യമാണ്.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, രാമവർമ്മപുരം കെ. എ. പി. ക്യാമ്പിൽ പല കാർട്ടേഴ്സിന്റെയും നിർമ്മാണം കോൺട്രാക്ടർമാർ ഇട്ടിട്ടു പോയി സ്തംഭനാവസ്ഥയിലിരിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനു വേണ്ടതു ചെയ്യുമോ ?

ശ്രീ. കെ. കരുണാകരൻ : സർ, പല സ്ഥലങ്ങളെപ്പറ്റിയും പരാതി കിട്ടിയിട്ടുണ്ട്. വർക്ക് കുറച്ചു ചെയ്തുകഴിഞ്ഞാൽ അവർ വർക്ക് ഇട്ടേച്ചു പോകും. അതിന് ഇനി അവരുടെ ചുമതലയിൽത്തന്നെ വരുന്ന കൂടുതൽ ചെലവ് അവരിൽനിന്നും. ഈടാക്കുമെന്നുള്ള വ്യവസ്ഥയിൽ മറ്റു കരാറുകാരനെക്കൊണ്ട് പണി നടത്തുമെന്ന കാര്യം ഗവൺമെന്റ് ആലോചിച്ചു വരികയാണ്.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : സർ, കണ്ണമാലി പോലീസ് സ്റ്റേഷൻ ഒരു വാടക കെട്ടിടത്തിലാണ് നടന്നുകൊണ്ടിരിക്കുന്നത്. അവിടെ ഒരു സ്ഥിരം കെട്ടിടം പണിയുന്നതിനുള്ള നടപടികൾ 1980-ൽത്തന്നെ ആരംഭിക്കാമെന്നും മന്ത്രി പറഞ്ഞിരുന്നതാണ്. ഇതുവരെ പണി തുടങ്ങിയിട്ടില്ല. മഴക്കാലത്ത് വെള്ളം കയറുന്നതാണ് ആ പോലീസ് സ്റ്റേഷൻ. ദയവായി ആ പോലീസ് സ്റ്റേഷനു അടിയന്തിരമായി മുൻഗണന കൊടുത്ത് കെട്ടിടം പണിയാൻ തയ്യാറാകുമോ ?

ശ്രീ. കെ. കരുണാകരൻ : സർ, ഈ വർഷത്തേക്കുള്ള ഫൈനൽ സെലക്ഷൻ കഴിഞ്ഞിട്ടില്ല. അത് ആലോചനയിലിരിക്കുകയാണ്. ഈയവസരത്തിൽ ഏതേത് സ്റ്റേഷനാണ് ഏറ്റവും മോശമായിട്ട് കിടക്കുന്നത്. അതനുസരിച്ച് മുൻഗണന കൊടുക്കും.

ശ്രീ. ഇ. ജെ. ലൂക്കോസ് : സർ, ഈ പണി തീർത്ത പോലീസ് സ്റ്റേഷന്റെ പ്രവർത്തനം ഇനിയും ആരംഭിക്കാനുണ്ട്. അതുപോലെ കോട്ടയം ജില്ലയിൽ ആവശ്യത്തിന് പോലീസുകാർ ഇല്ലാത്തതിന്റെ പേരിൽ റിസർവ്ഡ് പോലീസുകാരെ ലോക്കൽ പോലീസിലേക്ക് മാറ്റുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : സർ, ഇപ്പോൾ തന്നെ മാറ്റുന്നുണ്ട്.

ശ്രീ. ടി. കെ. അറുമുഖൻ : സർ, എന്റെ നിയോജകമണ്ഡലത്തിൽ കോട്ടായി പഞ്ചായത്തിൽ ഒരു പോലീസ് സ്റ്റേഷൻ തുറക്കുമെന്ന് പറഞ്ഞു കേട്ടു. അത് വാടക കെട്ടിടത്തിലാണോ അതോ സ്വന്തമായി കെട്ടിടം നിർമ്മിച്ചതിനുശേഷമാണോ തുറക്കുന്നത് ?

ശ്രീ. കെ. കരുണാകരൻ : സർ, പോലീസ് സ്റ്റേഷൻ കെട്ടിടം പണിഞ്ഞു കഴിഞ്ഞതിനുശേഷമേ ആരംഭിക്കൂ എന്ന നിലപാട് സ്വീകരിച്ചിട്ടില്ല. വാടക കെട്ടിടത്തിൽ ആരംഭിച്ചിട്ട് പിന്നീട് കെട്ടിടം പണിയുന്നതിനുള്ള ഏർപ്പാടുകളും ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ജെ. തങ്കപ്പൻ : സർ, ബാലരാമപുരം പോലീസ് സ്റ്റേഷൻ ഇപ്പോൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. നല്ലൊരു ബിൽഡിംഗ് പണിത് കഴിഞ്ഞിട്ട് ആറ് മാസത്തോളമായി. അതുകൊണ്ട് ബാലരാമപുരത്ത് ഇപ്പോൾ പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷൻ അവിടെനിന്നും മാറ്റി പുതിയ കെട്ടിടത്തിലേക്ക് മാറ്റാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : സർ, അതിന്റെ ഇലക്ട്രിസിറ്റി, വാട്ടർ സപ്ലൈ കണക്ഷനുവേണ്ടി ഇട്ടിരിക്കുകയാണ്. ഉടനെ തന്നെ വേണ്ട ക്രമീകരണം ചെയ്യും.

ശ്രീ. കെ. പി. രാമൻ : സർ, മാവൂർ പോലീസ് സ്റ്റേഷന്റെ കെട്ടിടം പൂർത്തിയായിട്ട് ഒരു വർഷം കഴിഞ്ഞിരിക്കുകയാണ്. അതു എന്തുകൊണ്ടാണ് ഉൽഘാടനം ചെയ്യാതിരിക്കുന്നത്. എത്രയും വേഗം അത് ഉൽഘാടനം ചെയ്ത് പ്രവർത്തനത്തിനു അനുമതി നൽകാൻ തയ്യാറാകുമോ ?

ശ്രീ. കെ. കരുണാകരൻ : സർ, അതു പൂർത്തിയായിക്കഴിഞ്ഞ കാര്യമാണെങ്കിൽ ബഹുമാനപ്പെട്ട മെമ്പർതന്നെ അതു ഉൽഘാടനം ചെയ്യുന്നതിൽ വിരോധമില്ല.

ശ്രീ. സി. ടി. കൃഷ്ണൻ : സർ, പാലക്കാട് ജില്ലയിൽ ആലത്തൂർ ഡി. വൈ. എസ്. പി. യുടെ ഓഫീസ് ഉൾപ്പെടെയുള്ള ഒരു പോലീസ് സ്റ്റേഷൻ രൂപീകരിക്കുമെന്നും മങ്കര ഡാം കോട്ടയിൽ അതിനോട് അനുബന്ധിച്ച് ഒരു പോലീസ് സ്റ്റേഷൻ വരുമെന്നും കേട്ടു. ഇതെല്ലാം വാടക കെട്ടിടത്തിലാണോ, പുതിയ കെട്ടിടം നിർമ്മിച്ചതിനുശേഷമാണോ പ്രവർത്തനം തുടങ്ങുന്നത് ? അങ്ങനെയൊരു ഡിവിഷൻ അവിടെ ഉൾപ്പെടുത്തുന്നതു ശരിയാണോ അതിനുവേണ്ടി ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ടോ ?

ശ്രീ. കെ. കരുണാകരൻ : സർ, പുതിയതായി തീരുമാനിക്കുന്ന സ്റ്റേഷനുകൾക്ക് സ്വന്തമായി കെട്ടിടം പണിത് ആരംഭിക്കാൻ ബുദ്ധിമുട്ടാണ്. അതുകൊണ്ട് വാടകകെട്ടിടത്തിൽ ആരംഭിച്ചശേഷം സ്വന്തം കെട്ടിടം പണിയാൻ ക്രമീകരണം ചെയ്യും. പുതിയ കെട്ടിടത്തിന് സാങ്ഷൻ കൊടുത്തുകഴിഞ്ഞിട്ടുള്ളതാണ്.

ഗ്രാമീണ പരിസരശുചീകരണ പരിപാടി

274. *[295] ശ്രീ. പി. സീതിഹാജി :
,, കെ. പി. എ. മജീദ് :
,, നാലകത്ത് സൂപ്പി :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, കെ. എം. ഹംസക്കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) 'ഗ്രാമീണ പരിസര ശുചീകരണ പരിപാടി' സംസ്ഥാനത്തെ പഞ്ചായത്തുകളിൽ എന്നു മുതൽ ആരംഭിച്ചു ;

(ബി) ഏതു വിദേശ ഏജൻസിയുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത് ;

(സി) എത്ര പഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട് ; ഇല്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly